**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3189** **01-03-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ വലിയകളം പാട്ടുത്സവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ഉത്സവങ്ങളുടെ കലണ്ടർ ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കാറുണ്ടോ; ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ ഉത്സവങ്ങൾ, പൂരങ്ങൾ എന്നിവയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്താണ് ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാനത്തെ വിവിധ ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾക്ക് രൂപം കൊടുത്തിട്ടില്ല. മലപ്പുറം ജില്ലയിലെ നിലമ്പൂർ വലിയകളം പാട്ടുത്സവം 2024 കാലയളവിലെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനായി ഉത്സവങ്ങളുടെ വിശദമായ വിവരങ്ങൾ, തീയതി, എത്ര ദിവസം, പ്രാധാന്യം എന്നിവയടങ്ങിയ ക്ഷേത്ര ഉപദേശക സമിതി അംഗീകരിച്ച കുറിപ്പ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>സംസ്ഥാനത്ത് നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾ, പ്രധാനപ്പെട്ട ആഘോഷങ്ങളുടെ ഭാഗമായുള്ള വാരാഘോഷങ്ങൾ, പൂരങ്ങൾ, ജലോത്സവങ്ങൾ, ഉത്സവങ്ങൾ എന്നിവയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്താണ് ധനസഹായം അനുവദിക്കാറുള്ളത്. സംസ്ഥാനത്ത് എത്തുന്ന ആഭ്യന്തര വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ വിനോദ സഞ്ചാര വികസനവുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ആയതിനാൽ ഈ ആവശ്യത്തിലേയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിക്കാറില്ല. ഇതിനു പുറമെ, നിലമ്പൂർ പാട്ടുത്സവത്തിന് സംഘാടകർ അപേക്ഷ സമർപ്പിക്കുന്ന പക്ഷം അത് പരിശോധിക്കാവുന്നതാണ്. |
| (ബി) | എല്ലാ വർഷവും ജനുവരി മാസത്തിൽ നടത്തപ്പെടുന്നതും നൂറ്റാണ്ടുകളുടെ പഴക്കമുള്ള അനുഷ്ഠാന ക്ഷേത്രോത്സവവുമായ മലപ്പുറം ജില്ലയിലെ നിലമ്പൂർ വലിയകുളം പാട്ടുത്സവം സംസ്ഥാനത്തെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ക്ഷേത്രോത്സവം ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | സംസ്ഥാനത്ത് വർഷം തോറും സ്ഥിരമായി നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾക്ക് ടൂറിസം വകുപ്പ് ധനസഹായം അനുവദിക്കാറുണ്ടോ; ഇത്തരം സാംസ്കാരിക പരിപാടികൾ ടൂറിസം വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വ്യക്തമാക്കുമോ; | (സി) | എ പിരിവിന്റെ അതേ മറുപടി |
| (ഡി) | സംസ്ഥാനത്തെ ഏതെല്ലാം സാംസ്കാരിക പരിപാടികൾക്കാണ് ടൂറിസം വകുപ്പ് സ്ഥിരമായി ധനസഹായം അനുവദിക്കാറുള്ളതെന്നും ഇതിനായി എത്ര തുക വീതം അനുവദിക്കാറുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ഡി) | എ പിരിവിന്റെ അതേ മറുപടി |
| (ഇ) | നിലമ്പൂർ പാട്ടുത്സവത്തോടനുബന്ധിച്ച് നിലമ്പൂർ നഗരസഭയുടെ നേതൃത്വത്തിൽ നടത്തിവരാറുള്ളതും ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്നതുമായ നിലമ്പൂർ പാട്ടുത്സവ് മെഗാ ഷോകൾ ടൂറിസം വെബ്സൈറ്റിലും കലണ്ടറിലും ഉൾപ്പെടുത്തുന്നതിനും സ്ഥിരമായി ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഇ) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ